ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.11.2025**

## പ്രധാനവാർത്തകൾ

1. ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തോടനുബന്ധിച്ച്, ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് രാജ്യത്ത് തുടക്കമായി.

2. എറണാകുളം-ബെംഗളൂരു വന്ദേ ഭാരത് എക്സ്പ്രസ് ഉൾപ്പെടെ നാല് പുതിയ ട്രെയിൻ സർവീസുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്യും.

3. തെരുവ് നായ വിഷയത്തിൽ നിർണായക ഇടപെടലുമായി സുപ്രീംകോടതി. പൊതുസ്ഥലങ്ങളിൽ നിന്നും തെരുവ് നായകളെ നീക്കാൻ നിർദ്ദേശം.

4. നെല്ല് സംഭരണത്തിൽ, എഫ്സിഐയുമായും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനുമായും സഹകരിച്ചു മുന്നോട്ട് പോകുമെന്ന് മന്ത്രി ജി.ആർ.അനിൽ

5. രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം നാളെ സൗരാഷ്ട്രയെ നേരിടും.

******************************

RNU TVPM

## വന്ദേമാതരം (ഇൻട്രോ)

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തോടനുബന്ധിച്ച്, ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. ഭാരത മാതാവിനോടുള്ള ആരാധനയും, ആദരവും സ്ഫുരിക്കുന്ന വന്ദേമാതരം വാക്കുകൾക്ക് അതീതമായ അനുഭവമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ജനങ്ങൾക്കത് ആത്മവിശ്വാസവും, ധൈര്യവും പകർന്നു നൽകുന്നതായും, കാലത്തിന് അതീതമായ ഗീതമാണ് വന്ദേമാതരമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(പിഎം ഹോൾഡ്)

സ്മരണിക സ്റ്റാമ്പും, നാണയവും ചടങ്ങിൽ പ്രകാശനം ചെയ്ത പ്രധാനമന്ത്രി vandemataram150.in പോർട്ടലിനും തുടക്കം കുറിച്ചു. രാജ്യമെമ്പാടും നടന്ന ആഘോഷപരിപാടികളിൽ ലക്ഷക്കണക്കിന് ജനങ്ങൾ വന്ദേമാതരം ആലപിച്ചു. വിഖ്യാത ബംഗാളി കവിയും, നോവലിസ്റ്റുമായ ബങ്കിംചന്ദ്ര ചാറ്റർജി 1875 നവംബർ 7 നാണ് വന്ദേമാതരം രചിച്ചത്. ആനന്ദമഠം എന്ന നോവലിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഈ ഗീതം ഇന്ത്യയുടെ ഐക്യത്തിൻറെയും അഭിമാനത്തിൻറെയും പ്രതീകമായി മാറുകയായിരുന്നു. 1950 ജനുവരി 24 നാണ് ഭരണഘടന നിർമാണ സഭ വന്ദേമാതരം ദേശീയ ഗീതമായി അംഗീകരിച്ചത്. സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിലും, ആകാശവാണി ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിലും ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് വന്ദേമാതരം ആലപിച്ചു.

******************************

## വന്ദേ ഭാരത് എക്സ്പ്രസ്

RNU TVPM

എറണാകുളം-ബെംഗളൂരു ഉൾപ്പെടെ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്യും. എട്ട് മണിക്കൂർ 40 മിനുട്ട് കൊണ്ട് എറണാകുളത്തു നിന്നും ബംഗളുരുവിൽ എത്തിച്ചേരുന്ന വന്ദേഭാരത് എക്സ്പ്രസിലൂടെ യാത്രാ സമയം രണ്ട് മണിക്കൂറിലേറെ ലാഭിക്കാനാവും. നാളെ രാവിലെ 8 ന് എറണാകുളം ജംഗ്ഷനിൽ നിന്ന് യാത്ര ആരംഭിക്കുന്ന ഉദ്ഘാടന സർവീസ് വൈകുന്നേരം 5.50 ന് കെ.എസ്.ആർ ബംഗളുരു റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരും. എട്ട് കോച്ചുകളാണ് ട്രെയിനിലുള്ളത്. തൃശൂർ, പാലക്കാട്, കോയമ്പത്തൂർ, തിരുപ്പൂർ, ഈറോഡ്, സേലം, കൃഷ്ണരാജപുരം സ്റ്റേഷനുകളിൽ സ്റ്റോപ്പ് ഉണ്ടായിരിക്കും. കേരളത്തിന് അനുവദിച്ച മൂന്നാമത്തെയും, കേരളത്തെയും, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന ആദ്യത്തെയും വന്ദേഭാരത് സർവീസാണിത്.

********************************

PNU TVPM

## സുപ്രീംകോടതി-തെരുവ് നായ

രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതുവിടങ്ങളിൽ തെരുവ് നായകൾ പ്രവേശിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സുപ്രീംകോടതി. തെരുവ് നായ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു കോടതി. ഇത്തരം ഇടങ്ങളിൽ നിന്നും തെരുവുനായകളെ മാറ്റുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്ഥാപനങ്ങൾക്കാണെന്നും കോടതി വ്യക്തമാക്കി. പിടികൂടുന്ന തെരുവ് നായകളെ വന്ധ്യംകരിച്ച് ഷെൽറ്റർ കേന്ദ്രങ്ങളിലേക്ക് മാറ്റണം. പിടികൂടിയ സ്ഥലത്ത് തന്നെ അവയെ വീണ്ടും തുറന്നു വിടരുതെന്നും പരമോന്നത കോടതി ഉത്തരവിട്ടു. ദേശീയപാതയുൾപ്പെടെയുള്ള റോഡുകളിൽ കന്നുകാലികൾ അടക്കം അലഞ്ഞുതിരിയുന്ന സാഹചര്യം ഒഴിവാക്കണമെന്നും കോടതി വ്യക്തമാക്കി.

******************************

## നെല്ല് സംഭരണം

നിലവിൽ സർക്കാർ നിശ്ചയിച്ച പ്രകാരം നെല്ല് സംഭരിക്കുന്ന മില്ലുകൾക്ക് പുറമേ, കൂടുതലായി കൊയ്തു വെച്ചിരിക്കുന്ന നെല്ല് വരുന്ന ചൊവ്വാഴ്ച മുതൽ എഫ്സിഐയുമായും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനുമായും സഹകരിച്ചു സംഭരിക്കാനുള്ള നടപടികളുമായി മുന്നോട്ട് പോകുമെന്ന് മന്ത്രി ജി.ആർ.അനിൽ. നെല്ല് സംഭരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനായി മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രത്തിൽ ഉദ്യോഗസ്ഥരുമായും കർഷകരുമായും നടത്തിയ ചർച്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. സംഭരണ പ്രവർത്തനങ്ങളിൽ സഹകരിക്കാൻ നിരവധി മില്ലുകൾ തയ്യാറാകാത്ത സാഹചര്യത്തിലാണ് കർഷകരുടെ പ്രയാസം ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ ആവിഷ്കരിച്ചത്.

******************************

## റേഷൻ കാർഡ് വിതരണോദ്ഘാടനം

സംസ്ഥാനത്ത് റേഷൻ കാർഡ് തരം മാറ്റുന്നതിന് ഈ മാസം 17 മുതൽ വീണ്ടും അവസരം. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 6 ലക്ഷത്തിലധികം മുൻഗണനാ റേഷൻ കാർഡുകൾ അർഹരായവർക്ക് തരം മാറ്റി നൽകിയതായി മന്ത്രി ജി.ആർ അനിൽ അറിയിച്ചു.

******************************

## കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി

കേരളത്തിനുള്ള എയിംസ് മറ്റൊരു സംസ്ഥാനത്തിനും കൊടുക്കാനാകില്ലെന്നും എയിംസ് ഓരോ സംസ്ഥാനത്തിന്റെയും അവകാശമാണെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ചിലർ

RNUTVPM

മറിച്ച് പറയുന്നത് രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണെന്നും അദ്ദേഹം തൃശൂരിൽ വ്യക്തമാക്കി. സെൻട്രൽ ഫോറൻസിക് ലാബ് തൃശ്ശൂരിൽ വേണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൽ നിന്നും അനുമതി വാങ്ങിയിട്ടും സംസ്ഥാന സർക്കാർ സ്ഥലം വിട്ടു നൽകാതെ പദ്ധതി വൈകിപ്പിക്കുകയാണെന്നും കേന്ദ്ര സഹ മന്ത്രി ആരോപിച്ചു.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

******************************

RNU TVPM

## ആഫ്രിക്കൻ പന്നിപ്പനി

കോഴിക്കോട് കോടഞ്ചേരി മുണ്ടൂരിലെ ഫാമിൽ ആഫ്രിക്കൻ പന്നി പനിബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രദേശത്തിൻ്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ മൃഗസംരക്ഷണ വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തി. 30 ഓളം പന്നികളാണ് ഇവിടെ രോഗം ബാധിച്ചു ചത്തത്. നിലവിൽ സ്ഥിതി നിയന്ത്രണ വിധേയമാണെന്ന് അധികൃതർ പറഞ്ഞു. മലപ്പുറം വഴിക്കടവ് ഫോറസ്റ്റ് റേഞ്ചിലെ മരുത ഭാഗത്ത് ചത്ത നിലയിൽ കണ്ടെത്തിയ കാട്ടുപന്നിയ്ക്കും ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. 10 കി.മി ചുറ്റളവിലുള്ള വഴിക്കടവ്, എടക്കര, പോത്തുകല്ല്, ചുങ്കത്തറ, കരുളായി, മുത്തേടം ഗ്രാമപഞ്ചായത്തുകളെ രോഗനിരീക്ഷണ മേഖലയായി ജില്ലാ കളക്ടർ പ്രഖ്യാപിച്ചു. മുൻകരുതലിൻറെ ഭാഗമായി ഈ പ്രദേശങ്ങളിൽ പന്നികളെ വിപണനം നടത്തുന്നതിനും കൊണ്ടുപോകുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

*******************************

<u>ഓപറേഷൻ രക്ഷിത - കോഴിക്കോട്</u>

സ്ത്രീകൾ ഉൾപ്പെടെയുള്ള ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി '**ഓപ്പറേഷൻ രക്ഷിത**' പദ്ധതിയുമായി കേരള പൊലീസ്. റയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. വർക്കലയിൽ ട്രെയിനിൽ നിന്ന് യുവതിയെ തള്ളിയിട്ട സംഭവത്തിന് പിന്നാലെയാണ് നടപടി. മദ്യലഹരിയിലുള്ള യാത്രക്കാരെ തിരിച്ചറിയുന്നതിനായി ആൽക്കോമീറ്റർ പരിശോധന വിവിധ റെയിൽവേ സ്റ്റേഷനുകളിൽ ആരംഭിച്ചു. റെയിൽവേ സ്റ്റേഷനുകളിലും യാത്രാ ട്രെയിനുകളിലും മയക്കു മരുന്നുകളും നിരോധിത പുകയില ഉൽപന്നങ്ങളും ഹവാല പണവും കണ്ടെത്തുന്നതിനുള്ള നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്.

*******************************

<u>ആകാശവാണി സംഗീത സമ്മേളനം</u>

RNU TVPM

ആകാശവാണി സംഗീത സമ്മേളനത്തിന് തിരുവനന്തപുരത്ത് നാളെ തിരിതെളിയും. ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിക്കുന്ന പരിപാടി വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വൈകുന്നേരം 5.45 ന് ആരംഭിക്കും. പത്മശ്രീ കെ.ഓമനക്കുട്ടിയുടെ സാന്നിധ്യത്തിൽ നടക്കുന്ന സമ്മേളനത്തിൽ കുടമാളൂർ മുരളീധരമാരാരും സംഘവും അവതരിപ്പിക്കുന്ന പഞ്ചവാദ്യം, എൻ.ജെ.നന്ദിനിയുടെ സംഗീതക്കച്ചേരി, അജിത് ജി.കൃഷ്ണൻ, എസ്.ആർ.ശ്രീക്കുട്ടി എന്നിവരുടെ ലളിതഗാനങ്ങൾ എന്നിവ അരങ്ങേറും. രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 24 നഗരങ്ങളിലാണ് സംഗീത സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

*******************************

<u>ഇടുക്കി ചെറുതോണി അണക്കെട്ട് (ഇൻട്രോ)</u>

ഇടുക്കി ചെറുതോണി അണക്കെട്ടുകൾ നിയന്ത്രണങ്ങൾക്ക് അയവുവരുത്തി സന്ദർശകർക്കായി തുറന്നു കൊടുത്തു. ഇനി മുതൽ ബഗ്ഗി കാറുകളിലും, നടന്നും അണക്കെട്ടുകളിൽ സന്ദർശനം നടത്താം.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്)

**********************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം നാളെ സൗരാഷ്ട്രയെ നേരിടും. തിരുവനന്തപുരം മംഗലപുരത്തെ കെസിഎ സ്റ്റേഡിയത്തിലാണ് മത്സരം. കഴിഞ്ഞ മത്സരത്തിൽ കർണ്ണാടകയോട് ഇന്നിങ്സ് തോൽവി വഴങ്ങിയ കേരളത്തെ സംബന്ധിച്ച് നാളത്തെ മത്സരം നിർണ്ണായകമാണ്.

RNU TVPM

**********************************

## സൂപ്പർ ലീഗ് കേരള (ഇൻട്രോ)

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഒന്നാംസ്ഥാനത്തിനായി ഇന്ന് കണ്ണൂർ വാരിയേഴ്സും, തൃശ്ശൂർ മാജിക് എഫ്സിയും തമ്മിൽ വാശിയേറിയ പോരാട്ടം. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ......**

(വോയ്സ്)

**************************************************************************************************